**"ഭരണഭാഷ- മാതൃഭാഷ"**

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - ഹരിതകർമ്മ സേന മുഖാന്തിരം പ്ലാസ്റ്റിക് മാലിന്യങ്ങൾ ശേഖരിച്ച് കാഞ്ഞിരപ്പള്ളിയിലെ ഷ്രഡിങ് യൂണിറ്റലിലെത്തിക്കുന്നതിനുള്ള പ്രോജക്ട് തയാറാക്കി നടപ്പിലാക്കുന്നതിന് ചിറക്കടവ് ഗ്രാമപഞ്ചായത്തിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു

---

**തദ്ദേശസ്വയംഭരണ (ഡി.സി) വകുപ്പ്**

**G.O.(Rt)No.458/2020/LSGD തീയതി,തിരുവനന്തപുരം, 24/02/2020**

---

പരാമർശം:- 1 കോട്ടയം ജില്ലാ പ്ലാനിങ് ഓഫീസറുടെ 05.12.2019-ലെ കത്ത് (SRG/1102/2019-CC/870/2019)

2 28.01.2020-ൽ നടന്ന വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോർഡിനേഷൻ കമ്മിറ്റിയുടെ പ്രത്യേക വിഷയങ്ങളിലെ തീരുമാനം നമ്പർ 4.15

**ഉത്തരവ്**

ഹരിതകർമ്മ സേന മുഖാന്തിരം പ്ലാസ്റ്റിക് മാലിന്യങ്ങൾ ശേഖരിച്ച് കാഞ്ഞിരപ്പള്ളിയിലെ ഷ്രഡിങ് യൂണിറ്റലിലെത്തിക്കുന്നതിന് ട്രാൻസ്പോർട്ടേഷൻ, ഹരിതകർമ്മ സേനയ്ക്ക് പരിശീലനം, ഐഡി കാർഡ്, യൂണിഫോം എന്നിവ ഉൾപ്പെടുന്ന ചിറക്കടവ് ഗ്രാമപഞ്ചായത്തിന്റെ **"പ്ലാസ്റ്റിക് നിർമ്മാർജ്ജനം- ബോധവൽക്കരണവും സംഭരണവും"** എന്ന പ്രോജക്റ്റിൽ (പ്രോജക്റ്റ് നമ്പർ 30/20, അടങ്കൽ 9,00,000/- രൂപ- വികസന ഫണ്ട്) ബോധവൽക്കരണത്തിന് മാറ്റി വച്ചിരിക്കുന്ന 3 ലക്ഷം രൂപ കൂടുതലാണെന്ന് വിലയിരുത്തിയതിന്റെ അടിസ്ഥാനത്തിൽ ഇതൊഴിവാക്കി മറ്റു ഘടകങ്ങൾക്കായി പ്രോജക്റ്റ് തയാറാക്കി നടപ്പാക്കാവുന്നതാണെന്ന് 28.01.2020-ൽ ചേർന്ന വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോർഡിനേഷൻ കമ്മിറ്റി പരാമർശം (2) പ്രകാരം തീരുമാനിച്ചിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പരാമർശം (2)-ന്റെ അടിസ്ഥാനത്തിൽ, ചിറക്കടവ് ഗ്രാമപഞ്ചായത്തിന്റെ മേല്പറഞ്ഞ **"പ്ലാസ്റ്റിക് നിർമ്മാർജ്ജനം -ബോധവൽക്കരണവും സംഭരണവും"** എന്ന പ്രോജക്റ്റിൽ (പ്രോജക്റ്റ് നമ്പർ 30/20, അടങ്കൽ 9,00,000/- രൂപ- വികസന ഫണ്ട്) ബോധവൽക്കരണത്തിന് മാറ്റി വച്ചിരിക്കുന്ന 3 ലക്ഷം രൂപ ഒഴിവാക്കി മറ്റു ഘടകങ്ങൾക്കായി പ്രോജക്റ്റ് തയാറാക്കി പദ്ധതി നടപ്പിലാക്കുന്നതിന് ചിറക്കടവ് ഗ്രാമപഞ്ചായത്തിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

MINI MOL D

JOINT SECRETARY

പ്രസിഡന്റ്/ സെക്രട്ടറി, ചിറക്കടവ് ഗ്രാമപഞ്ചായത്ത്, കോട്ടയം
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്, പ്ലാനിങ് ബോർഡ്, പട്ടം, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (A&E/ G&SSA/E& RSA) കേരള, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
ഡയറക്ടർ, ഐ&പി.ആർ.ഡി/ വെബ് & ന്യൂ മീഡിയ, തിരുവനന്തപുരം
കരുതൽ ഫയൽ/ ഓഫീസ് കോപ്പി
തദ്ദേശ സ്വയം ഭരണ (DA)വകുപ്പ്

ഉത്തരവിൻ പ്രകാരം

Signature Not Verified
Digitally signed by SMITHA B CHANDRA
Date: 2020.02.25 10:29:52 IST
Reason: Approved

സെക്ഷൻ ഓഫീസർ

പകർപ്പ്: -

തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ. യ്ക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ സി എ യ്ക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് ജോയിന്റ് സെക്രട്ടറിയുടെ സി എ യ്ക്ക്